## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6925 10.07.2014-ൽ മറുപടിയ്ക്ക്**

**വായ്പകൾക്ക് കടാശ്വാസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികജാതിക്കാരായവർ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾക്കാണ് കടാശ്വാസ പദ്ധതി അനുവദിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവയിൽ നിന്ന് എടുത്തിട്ടുള്ളതും 31.3.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പാ കുടിശ്ശികയിൻമേൽ, സർക്കാരിന് ഏറ്റെടുക്കാവുന്ന ബാദ്ധ്യതയുടെ പരിധിയും അത്തരം കേസുകളിലെ വായ്പത്തുകയുടെ പരിധിയും 12/11/2009 ലെ ജി.ഒ.(പി) നം. 100/09/പജപവവിവ എന്ന ഉത്തരവിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 25000/-രൂപയിൽ നിന്ന് 50,000/-രൂപയായി വർദ്ധിപ്പിച്ച് 10/12/2013 ലെ സ.ഉ(അച്ചടി) നം.99/2013/പജപവവിവ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. പദ്ധതിയുടെ മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന മേൽ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | എല്ലാ അംഗീകൃത ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പട്ടികജാതിക്കാർ എടുത്തിട്ടുള്ള തിരിച്ചടവ് കാലാവധി കഴിഞ്ഞ വായ്പകൾക്കും കടാശ്വാസം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31.3.2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 100000/-രൂപ (ഒരു ലക്ഷം രൂപ) വരെയുള്ള വായ്പകൾ എഴുതി തള്ളുന്ന കാര്യം പരിഗണിച്ചുവരുന്നു. |

Sali KJ

**സെക്ഷൻ ആഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**